**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 436** **24-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഗ്യാരണ്ടിയിൽ എടുത്തിട്ടുള്ള കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി, പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങിയവ സർക്കാർ ഗ്യാരണ്ടിയിൽ എടുത്തിട്ടുള്ള നിലവിലുള്ള കടം എത്ര രൂപയാണ്; ഇത് സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | 31/07/2022 ലെ കണക്കുകൾ പ്രകാരം കിഫ്ബിയുടെ ഗവൺമെന്റ് ഗ്യാരണ്ടിയിന്മേൽ കിഫ്ബിയുടെ ആകെ വായ്പ 14,567.79 കോടി രൂപയാണ്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഗവണ്മെന്റ് ഗ്യാരണ്ടി 29,793.59 കോടി രൂപയാണ്. കിഫ്ബി, പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങിയവ സർക്കാർ ഗ്യാരണ്ടിയിൽ എടുത്തിട്ടുള്ള കടങ്ങൾ സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കുന്നില്ല. |
| (ബി) | ഇപ്രകാരം സർക്കാർ ഗ്യാരണ്ടിയിൽ എടുത്തിട്ടുള്ള കടം സംസ്ഥാനത്തിന്റെ പൊതു കടമായി കണക്കാക്കണമെന്ന് അക്കൗണ്ടന്റ് ജനറലോ കേന്ദ്രസർക്കാരോ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ നൽകാമോ; | (ബി) | കിഫ്ബി അടക്കമുള്ള സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ കടബാധ്യതയായി കണക്കാക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നടപ്പ സമ്പത്തിക വർഷം 17,936 കോടി രൂപ പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് പരിഗണിക്കാതെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ (SPV) 2021-22-ൽ കടമെടുത്തിട്ടുള്ള 14,312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാലു തവണകളായി സംസ്ഥാനത്തിന്റ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും, പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ (SPV) എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും |

| | | | |
|---|---|---|---|
| | | | 04/07/2022 ലെ 40(12) PF-S/2021/22നമ്പർ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.<br><br>ഇതിൻ പ്രകാരം പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് ഇതിനകം തന്നെ കൈമാറിയിട്ടുണ്ടെങ്കിലും മറുപടിയൊന്നും ലഭ്യമായിട്ടില്ല. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിനു മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് 22.07.2022 -ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ പൊതു കടവും കിഫ്ബി, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ സർക്കാർ ഗ്യാരണ്ടിയിൽ എടുത്ത കടവും ചേർത്ത് എത്ര രൂപയാണ് ആകെ കടം എന്നറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ? | (സി) | അക്കൗണ്ടന്റ് ജനറൽ സപ്ലിമെന്ററി കണക്കുകൾ പ്രകാരം 31.03.2022 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 3,35,653.49 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ